## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4180 | | 20.03.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| നഗരസഭകളിൽ ഗ്രീൻ പ്രോട്ടോക്കോൾ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.എം.സ്വരാജ് | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കിയിട്ടുണ്ടോ; | (എ) & (ബി) | ഇല്ല. ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | എവിടെയൊക്കെയാണ് ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കിയിട്ടുള്ളത് എന്ന് അറിയിക്കാമോ; | | |
| (സി) | എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | എങ്കിൽ വിശദാംശം അറിയിക്കാമോ? | (ഡി) | 5.10.2017 ലെ സ.ഉ (സാ.ധാ) നം. 3214/17/ തസ്വഭവ ഉത്തരവ് പ്രകാരം ഗവൺമെന്റ് സെക്രട്ടറിയേറ്റ്, പബ്ലിക് ഓഫീസ്, വികാസ് ഭവൻ, സ്വരാജ് ഭവൻ, എല്ലാ വകുപ്പുകളുടെയും ഡയറക്ടറേറ്റ്/ കമ്മീഷണറേറ്റ്, ജില്ലാ കളക്ടറേറ്റുകൾ എന്നിവിടങ്ങളിൽ നടത്തപ്പെടുന്ന എല്ലാത്തരം ചടങ്ങുകളിലും ഗ്രീൻ പ്രോട്ടോക്കോൾ ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിലേക്ക് സംസ്ഥാനതലത്തിൽ ഉദ്യോഗസ്ഥർ, റിസോഴ്സ് പേഴ്സൻമാർ എന്നിവർക്കായി പരിശീലനം നൽകിയിട്ടുണ്ട്. തുടർന്ന് ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും, തദ്ദേശ സ്വയംഭരണ തലത്തിലും പരിശീലനം നൽകി. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും സർക്കാർ ഓഫീസുകളിലും ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനുള്ള ശ്രമമാണാരംഭിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ